# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2810 — 12.03.2018-ൽ മറുപടിക്ക്

## മത്സ്യമേഖല നേരിടുന്ന പ്രതിസന്ധി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം. വിൻസെന്റ് | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മത്സ്യമേഖല നേരിടുന്ന കടുത്ത പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | മത്സ്യമേഖല വെല്ലുവിളികൾ നേരിടുന്നുണ്ട്. മത്സ്യ വിഭവ ശോഷണം, അമിത മത്സ്യബന്ധന സമ്മർദ്ദം ഉല്പാദന മാന്ദ്യം, ജലമലിനീകരണം, കാലാവസ്ഥാ വ്യതിയാനം, അശാസ്ത്രീയ മത്സ്യബന്ധനം, ഇടനിലക്കാരുടെ ചൂഷണം, ആഗോളവത്കരണം തുടങ്ങി യവയാണ് ഇതിന് കാരണങ്ങൾ |
| (ബി) | ഓഖി ദുരന്തത്തിന് ശേഷം മത്സ്യലഭ്യതയിൽ വന്ന കുറവ്, വ്യാജ പ്രചരണം എന്നിവ സൃഷ്ടിച്ച കനത്ത ആഘാതത്തിൽ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ പട്ടിണിയിലാണെന്നത് അറിയാമോ; | (ബി) | ഓഖി ദുന്തത്തിന് തൊട്ടുടനെയുള്ള ദിവസങ്ങളിൽ മത്സ്യലഭ്യതയിൽ കുറവ് ഉണ്ടായി മത്സ്യങ്ങൾ മനുഷ്യ മൃതദേഹങ്ങൾ വ്യാപകമായി ഭക്ഷിക്കുന്നു എന്ന തരത്തിൽ വന്ന വ്യാജ പ്രചരണവും ഉണ്ടായിരുന്നു. ഈ പശ്ചാത്തലത്തിൽ സർക്കാർ സംസ്ഥാനത്ത് മുഴുവനായി കർമ്മോന്മുഖ മത്സ്യത്തൊഴിലാളികൾക്ക് ഒരാൾക്ക് 2000 രൂപ വീതം 1.66 ലക്ഷം പേർക്ക് സഹായധനം അനുവദിച്ചിട്ടുണ്ട്. ഒരു മാസത്തെ സൗജന്യ റേഷനും വിതരണം ചെയ്യുകയുണ്ടായി. ഓഖി ദുരന്തത്തിൽ അകപ്പെട്ട മത്സ്യത്തൊഴിലാളികളെ പട്ടിണിയിൽ നിന്നകറ്റാൻ ഇതുമൂലം സാധിച്ചിട്ടുണ്ട്. അതുപോലെ മത്സ്യ വകുപ്പും സമുദ്ര മത്സ്യഗവേഷണ സ്ഥാപനം(CMFRI) പോലുള്ള സ്ഥാപനങ്ങളിലെ ശാസ്ത്രജ്ഞരും നിരന്തരമായി വ്യാജ പ്രചാരങ്ങൾക്കെതിരെ പ്രചാരണം നടത്തുകയും സത്യാവസ്ഥ ജനങ്ങളെ ബോദ്ധ്യപ്പെടുത്തുകയുമുണ്ടായി. |
| (സി) | ഓഖി ദുരന്തത്തെ തുടർന്ന് ദിവസവും നൽകുന്ന കാലാവസ്ഥ മുന്നറിയിപ്പുകൾ തൊഴിലാളികളെ ഭയപ്പാടിലാക്കുകയും അവർ മത്സ്യബന്ധനത്തിന് പോകാതിരിക്കുകയും ചെയ്യുന്ന അവസ്ഥ ഉണ്ടായിട്ടുണ്ടോ ; | (സി) | ഓഖി ദുരന്തത്തെ തുടർന്നുള്ള ഓരാഴ്ച മത്സ്യത്തൊഴിലാളികൾ കടലിൽ പോകുന്നതിനെതിരെ മുന്നറിയിപ്പു നൽകിയിരുന്നു. എന്നാൽ തുടർന്നുള്ള ദിവസങ്ങളിൽ ജാഗ്രതാ നിർദ്ദേശങ്ങളും കാലാവസ്ഥ മുന്നറിയിപ്പുകളും അതിന്റെ തീവ്രത ഉൾക്കൊണ്ടുകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് നൽകിയതിന്റേയും തീരത്തുടനീളം മൈക്കിലൂടെ അനൗൺസ്മെന്റുകൾ നടത്തുകയും ചെയ്തതിന്റെയും മത്സ്യഭവനുകൾ, ഹാർബറുകൾ എന്നിവിടങ്ങളിൽ ആവശ്യമായ ബോധവൽക്കരണം നടത്തിയതിന്റെയും അടിസ്ഥാനത്തിൽ മത്സ്യത്തൊഴിലാളികളുടെ ഉള്ളിലെ ആശങ്ക വലിയ പരിധിവരെ ദൂരീകരിച്ചിരുന്നു. കാലാവസ്ഥാ മുന്നറിയിപ്പുകൾ മൂലം മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനായി പോകാതിരിക്കുന്ന സാഹചര്യം ഉണ്ടായിരുന്നില്ല. |

| | | | |
|---|---|---|---|
| | | | മത്സ്യത്തൊഴിലാളികൾക്ക് ഏറ്റവും ആവശ്യമായ മുന്നറിയിപ്പുകൾ മാത്രം നൽകാൻ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | ഓഖി ചുഴലിക്കൊടുങ്കാറ്റ് കടലിനുള്ളിലെ ആവാസ വ്യവസ്ഥയെ ബാധിച്ചിട്ടുണ്ടോ ; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; | (ഡി) | ഓഖി ചുഴലിക്കൊടുങ്കാറ്റ് കടലിലെ ആവാസ വ്യവസ്ഥ യിലുണ്ടാക്കിയിട്ടുള്ള മാറ്റത്തെക്കുറിച്ച് പഠിക്കുന്നതിന് കേന്ദ്ര ഗവേഷണ സ്ഥാപനമായ സി.എം.എഫ്.ആർ.ഐ യെ ചുമതലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ഇ) | മത്സ്യമേഖല നേരിടുന്ന അതീവഗുരുതരമായ പ്രതിസന്ധിയിൽ നിന്നും പ്രസ്തുത മേഖലയെ രക്ഷിക്കുവാൻ സർക്കാർ തലത്തിൽ നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ഇ) | മത്സ്യബന്ധന മേഖല നേരിടുന്ന വെല്ലുവിളികളിൽ നിന്നും മേഖലയെ രക്ഷിക്കുന്നതിനായി ദീർഘ വീക്ഷണത്തോടെയുള്ള നിരവധി പദ്ധതികൾ ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്നു ണ്ട്. മത്സ്യ ത്തൊഴിലാളികളുടെ ക്ഷേമത്തിന് ഊന്നൽ നൽകിക്കൊ ണ്ട് അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും ലക്ഷ്യ മിട്ടുകൊ ണ്ടാണ് വകുപ്പ് പദ്ധതികൾ നടപ്പിലാക്കു ന്നത്. കടലാക്രമണം പോലെയുള്ള പ്രകൃതി ദുരന്തത്തിൽ നിന്നും തീരത്തെ സംരക്ഷിക്കുന്നതിനും മത്സ്യത്തൊഴിലാളികളെ ബാധിക്കാതിരിക്കുന്നതി നുമായി തീരത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്ന തിനുള്ള പദ്ധതി, സ്വന്തമായി ഭൂമിയുള്ളവർക്ക് ഭവന നിർമ്മാണ പദ്ധതി, കടലിലെയും ഉൾനാ ടൻ ജലാശയങ്ങളിലെയും മത്സ്യസമ്പത്തിനെ സംരക്ഷിക്കുന്നതിനും സുസ്ഥിര ഉല്പാദനം ഉറപ്പുവരുത്തുന്ന കൺസർവേഷൻ ആന്റ് മാനേ ജ്മെന്റ് ഓഫ് ഫിഷറീസ് റിസോഴ്സ് (ഇൻലാന്റ്) & (മറൈൻ) മത്സ്യകൃഷി വികസനം, മത്സ്യത്തൊഴിലാളി വനിതകൾക്കായി നടപ്പിലാ ക്കുന്ന വിവിധ ക്ഷേമ പദ്ധതികൾ, മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കായി നടപ്പി ലാക്കുന്ന വിദ്യാഭ്യാസ പദ്ധതികൾ എന്നിങ്ങനെ വിവിധ പദ്ധതികൾ ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നു. കെ.എം.എഫ്.ആർ.എ യിൽ വരുത്തിയിട്ടുള്ള ഭേദഗതികളും ഉൾനാടൻ മത്സ്യ സംരക്ഷണ നിയമവും മത്സ്യത്തൊഴിലാളികളു ടെയും മത്സ്യസമ്പത്തിന്റെയും സംരക്ഷണത്തിന് ഊന്നൽനൽകുന്നു. കൂടാതെ നൂതന സാങ്കേതിക വിദ്യകളുടെ സഹായത്തോടെ വികസപ്പിച്ചെടു ത്തിട്ടുള്ള 'സാഗര, നാവിക്' മുതലായവ കാലാ വസ്ഥാ മുന്നറിയിപ്പ് നൽകുന്നതിനും മത്സ്യ ത്തൊഴിലാളികളുടെ സുരക്ഷയ്ക്കും പ്രയോജന പ്രദമാകുന്നു. ഇങ്ങനെയുള്ള വിവിധ പദ്ധതി കൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും മത്സ്യമേഖലയുടെ സമഗ്ര പുരോഗതിയ്ക്കും കുറ്റമറ്റ പ്രവർത്തനങ്ങൾ വകുപ്പുവഴി നടത്തിവ രുന്നു. മേൽ പദ്ധതികൾ മത്സ്യമേഖലയിലെ വെല്ലുവിളികൾ പരിഹരിക്കാൻ സഹായിക്കും. |

സെക്ഷൻ ഓഫീസർ